എഡിറ്റോറിയൽ

മേയ് 2011

എഡിറ്റർ
ജോർജ്ജ് കാടൻകാവിൽ



# ശ്രേഷ്ഠ ഇടയന് പ്രണാമം

"ഈ ഭൂമിയിലെ തന്റെ ദൗത്യം പൂർത്തിയാക്കി, അന്ത്യം അടുത്തു എന്ന ബോദ്ധ്യത്തോടെ, അതിനു വേണ്ടി തയ്യാറെടുത്ത്, നമ്മളോട് വിടചൊല്ലി, പരമപിതാവിന്റെ പക്കലേക്ക് യാത്രയായിരിക്കുന്ന കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന് ബെത്ലെഹം അഗങ്ങളുടെയെല്ലാം പേരിൽ, ഏറ്റം സ്നേഹത്തോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പിതാവിനെ പരിചയപ്പെടുന്നത് ബെത്ലെഹമിലെ ഒരു പെൺകുട്ടിയുടെ നിശ്ചയിച്ചു വെച്ച വിവാഹം മുടങ്ങിപ്പോയ ഒരു സംഭവത്തിനോട് അനുബന്ധിച്ചായിരുന്നു. വിവാഹം നിശ്ചയിച്ചിരുന്ന ആ പെൺകുട്ടി തന്റെ അപ്പച്ചനോടൊപ്പം കാറിൽ വരുകയായിരുന്നു. വഴിമദ്ധ്യേ രണ്ടു പേരും കൂടി പയ്യന്റെ വീട്ടിൽ ചെന്നു. പയ്യന്റെ അപ്പച്ചൻ കുളിക്കാൻ എണ്ണതേച്ചു നില്ക്കുകയായിരുന്നു. മകന് കല്യാണം നിശ്ചയിച്ചു വെച്ചിരിക്കുന്ന പെണ്ണ്, മുന്നറിയിപ്പൊന്നും കൂടാതെ പെട്ടെന്ന് വീട്ടിൽ വന്നു കയറിയപ്പോൾ ആ അപ്പച്ചനൊന്നു പകച്ചു. ഇതിനൊക്കെ ഒരാചാരവും ചിട്ടയും ഒക്കെയുണ്ട് എന്നു പറഞ്ഞ് പെൺകുട്ടിയെ വീട്ടിൽ കയറാൻ അദ്ദേഹം അനുവദിച്ചില്ല. ആ കല്യാണം മുടങ്ങി. ഈ പെൺകുട്ടി എന്റടുത്ത് വന്ന് സംഭവം വിവരിച്ചു. അവളുടെ തെറ്റ് അവൾക്ക് ബോദ്ധ്യമായി. ഞാൻ പയ്യന്റെ അപ്പച്ചനെ വിളിച്ച് അനുനയിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹം പറഞ്ഞു, ജോർജ്ജ് സാറേ, ഇത് കൈവിട്ടു പോയി, ഇനി നടത്താൻ സാധിക്കാത്ത അവസ്ഥയിലാണ്.

വിവാഹത്തിനു മുമ്പ് പെൺകുട്ടിക്ക് പ്രതിശ്രുത വരന്റെ ഗൃഹാന്തരീക്ഷം കാണാൻ അവസരം ഉണ്ടാകേണ്ടതല്ലേ എന്ന് ചിന്തിക്കാൻ ഈ സംഭവം നിമിത്തമായി. തുടർന്നു വന്ന വൈവാഹിക സംഗമങ്ങളിൽ ഈ വിഷയം ഞാൻ ചർച്ചക്ക് കൊടുത്തു. എല്ലാവരുടേയും അഭിപ്രായം ഇത് വളരെ ആവശ്യമായ ഒരു ആചാരം ആണ് എന്നായിരുന്നു.

അഭിപ്രായം ആചാരമാകണമെങ്കിൽ അത് വേണ്ടപ്പെട്ട തലങ്ങളിൽ ചർച്ച ചെയ്യപ്പെടണം, മേലധികാരികൾക്ക് ബോദ്ധ്യപ്പെടണം. അതുകൊണ്ട്, അഭിവന്ദ്യ കർദ്ദിനാൾ വിതയത്തിൽ പിതാവിനെ ധരിപ്പിക്കാനായി ഈ വിഷയത്തെക്കുറിച്ച് ഞാൻ എഴുതാൻ ആരംഭിച്ചു.

നല്ല വിവാഹ ജീവിതത്തിനുള്ള പ്രാർത്ഥനകൾ എന്നൊരു പുസ്തകമാണ് എഴുതി വന്നപ്പോൾ രൂപം കൊണ്ടത്. അതിൽ വിവാഹ നിശ്ചയത്തിനുള്ള പ്രാർത്ഥനയിൽ, പ്രതിശ്രുതവധുവിനെ കൂടി വിവാഹ നിശ്ചയത്തിന് ഭർത്തൃഗൃഹത്തിലേക്ക് കൊണ്ടു വരുന്നത് ഉചിതമായിരിക്കും എന്ന് അനുബന്ധമായി ചേർത്തിരുന്നു. പുസ്തകത്തിന്റെ ഡ്രാഫ്റ്റ് കോപ്പിയുമായി ഞാൻ പിതാവിനെ ചെന്നു കണ്ടു. പെൺകുട്ടിക്കു പറ്റിയ അബദ്ധവും, തുടർന്നുണ്ടായ സംഭവങ്ങളും, സംഗമത്തിലെ ചർച്ചയുടെ കരടും എല്ലാം പിതാവിനെ ധരിപ്പിച്ചു. കർദ്ദിനാൾ വളരെ താല്പര്യത്തോടെ, ഇടക്കിടെ സംശയങ്ങൾ ചോദിച്ച് കാര്യം വ്യക്തമായി മനസ്സിലാക്കി. തുടർന്ന്, കയ്യിലിരുന്ന പ്രാർത്ഥനപ്പുസ്തകം അദ്ദേഹത്തിനു കൊടുത്തിട്ടു പറഞ്ഞു പിതാവേ പ്രാർത്ഥനകൾ കൊണ്ട് ഈ സംസ്കാരം മാറ്റാമോ എന്നാണ് ഞാൻ ചിന്തിക്കുന്നത്.

പിതാവ് വളരെ വാത്സല്യത്തോടെ എന്നോടു പറഞ്ഞു. ജോർജ്ജിന്റെ

www.BethlehemMatrimonial.com

പ്രവർത്തനങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. Keep up the good work. ഈ പ്രാർത്ഥനപ്പുസ്തകം തേലക്കാട്ടച്ചനെക്കൊണ്ട് വായിപ്പിക്കണം. അച്ചന്റെ Nihil Obstat ഉം എന്റെ Imprimatur ഉം സഹിതം ഇത് പ്രസിദ്ധീകരിക്കാം.

ആ പുസ്തകം ഞാൻ പ്രസിദ്ധീകരിച്ചു. ഈ വിഷയം പിന്നീട് വന്ന സീറോ മലബാർ അസംബ്ളിയിലും അനുഭാവ പൂർവ്വം ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഇന്ന് പെൺകുട്ടിക്ക് വിവാഹത്തിനു മുമ്പ് ഭർത്തൃഗൃഹം കാണാൻ അവസരം കൊടുക്കുന്നത്, അനുവദനീയമായ ഒരു ആചാരമായി മാറി.

തന്റെ ദൈവജനത്തിന് പിതൃതുല്യമായ വാത്സല്യം കൊടുത്ത അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്, ആ ശ്രേഷ്ഠ ഇടയന്, തൊഴുകൈകളോടെ പ്രണാമം.

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com